# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2564

10/12/2014-ൽ മറുപടിക്ക്

## എബോള വൈറസ് രോഗ നിർണ്ണയം

ചോദ്യം

ശ്രീ.എം.എ.ബേബി
ശ്രീ. പി.ശ്രീരാമകൃഷ്ണൻ
ശ്രീ.എസ്.ശർമ്മ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) എബോള വൈറസ് ബാധിതന്റെ സാന്നിദ്ധ്യം ഇന്ത്യയിൽ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സ്വീകരിച്ച മുൻകരുതൽ നടപടികൾ അറിയിക്കാമോ; | എ) എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കുവാൻ വേണ്ടി യാത്രക്കാരുടെ കർശനമായ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ തുറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരുടെ വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് കൈമാറി ഇവരെ 30 ദിവസത്തെ നിരീക്ഷണത്തിന് വിധേയരാക്കുന്നു. ഇവരുടെ ദിവസേനയുള്ള നിരീക്ഷണ റിപ്പോർട്ടുകൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് അയക്കുന്നു. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്. |
| ബി) സംസ്ഥാനത്ത് എത്തുന്ന പ്രവാസികളും വിദേശികളും എബോള രോഗാണു വാഹകരല്ലെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ എന്തൊക്കെയാണ്; | ബി) രോഗബാധിതരായുള്ള പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ മാത്രമേ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുള്ളൂ എന്നതാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം. അത് അനുസരിച്ചുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) രോഗ നിർണ്ണയത്തിനായി എന്തൊക്ക സൗകര്യങ്ങളാണ് ഉള്ളതെന്ന വിവരം ലഭ്യമാക്കാമോ; | സി) രോഗം സംശയിക്കുന്ന ആളുടെ രക്തസാംപിളുകൾ ശേഖരിച്ച് എൻസി.ഡി.സി. (നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ) ഡൽഹിയിലോ, എൻ.ഐ.വി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി) പൂനയിലോ അയച്ച് |

പരിശോധിക്കുകയാണ് ചെയ്യുന്നത്.

| | |
|---|---|
| ഡി)രോഗാണു വാഹകരെന്ന് സംശയിക്കു ന്നവരെ നിരീക്ഷിക്കുന്നതിനും ഏകാന്ത വാസത്തിനും എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്? | ഡി) രോഗാണു വാഹകരെന്ന് സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും, ചികിൽസിക്കുന്നതിനും വേണ്ടി ജനറൽ ആശുപത്രി, തിരുവനന്തപുരം, ജനറൽ ആശുപത്രി എറണാകുളം, ജനറൽ ആശുപത്രി , കോഴിക്കോട് എന്നീ ആശുപത്രികളിൽ പ്രത്യേക ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചു. തീവ്രപരിചരണം ആവശ്യമുള്ള രോഗികൾക്ക് വേണ്ടി മെഡിക്കൽ കോളേജ്, തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നീ ആശുപത്രികളിൽ ഐ.സി.യു. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എബോള കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക പരിശീലനം നൽകിയ ആർ.ആർ.ടി (റാപിഡ് റെസ്പോൺസ് ടീം) അംഗങ്ങളേയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് പ്രത്യേക പരിശീലനം ലഭിച്ച പത്തംഗ സംഘത്തേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ചികിൽസകൾക്ക് ആവശ്യമായ പ്രത്യേക വ്യക്തിഗത സംരക്ഷണ സംവിധാനം (പി.പി.ഇ.) കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ